ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ഒഴിവ്

250 (1675) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് തീയതി സഹിതം വിശദമാക്കുമോ ;

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ആകെ ഒഴിവുകൾ 246 (2015 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ സഹിതം). സംസ്ഥാനതല നിയമനമായതിനാൽ ജില്ല തിരിച്ചുള്ള കണക്ക് സൂക്ഷിച്ചു വരുന്നില്ല.

(ബി) പ്രസ്തുത ഒഴിവുകളിൽ 232 എണ്ണം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് റിപ്പോർട്ട് ചെയ്ത തീയതികൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	തീയതി	ഒഴിവുകളുടെ എണ്ണം
1.	31-3-2011	52
2.	26-5-2011	63
3.	22-7-2011	19
4.	27-7-2012	15
5.	27-7-2012	28
6.	27-7-2013	38
7.	11-11-2014	17
	ആകെ	232

(സി) സ്ഥാനക്കയറ്റം മുഖേനയുണ്ടായ 14 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly.